# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4693 – 20.10.2011-ലെ മറുപടിക്ക്

### താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു: ശ്രീമതി. ഗീതാ ഗോപി | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | നാട്ടിക നിയോജക മണ്ഡലത്തിലെ താന്ന്യം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്ന് ഒരു കിലോ മീറ്റർ മാത്രം ദൂരത്തിൽ തൃപ്രയാർ സബ് ട്രഷറി ഉള്ളപ്പോൾ താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ തൃശ്ശൂർ സബ് ട്രഷറിയിലേക്ക് ആക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | തൃപ്രയാർ സബ് ട്രഷറി 1997ൽ ആണ് നിലവിൽ വന്നത്. അതിനു മുമ്പ് തന്നെ താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ഇടപാടുകൾ തൃശ്ശൂർ സബ് ട്രഷറി വഴിയാണ് നടത്തിയിരുന്നത്. ട്രഷറി ഇടപാടുകൾ തൃപ്രയാറിലേക്ക് മാറ്റുന്നതിന് താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടില്ല. അതിനാൽ ട്രഷറി ഇടപാടുകൾ മാറ്റാൻ കഴിഞ്ഞില്ല. |
| ബി) | താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ തൃപ്രയാർ സബ് ട്രഷറിയിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ; | താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ മാറ്റുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ ട്രഷറി ഡയറക്ടർക്ക് നൽകേണ്ടതുണ്ട്. |
| (സി) | ഇല്ലെങ്കിൽ താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ അടിയന്തിരമായി തൃപ്രയാർ സബ് ട്രഷറിയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ? | താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചാലുടൻ പരിശോധിക്കുന്നതാണ്. |

Baijuraju

സെക്ഷൻ ഓഫീസർ